മംഗലാപുരം പ്രകൃതിവാതക പൈപ്പ് ലൈനിന്റെ പണികൾ യാഥാർത്ഥ്യമാകുന്ന മുറയ്ക്ക്, പദ്ധതിയുടെ പാരിസ്ഥിതിക അനുമതിനേടി മുന്നോട്ടുകൊണ്ടുപോകുവാൻ സാധിക്കുന്നതാണ്.

6. കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ 660x2=1320 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള കൽക്കരി ഇന്ധനമായി ഉപയോഗിക്കുന്ന താപവൈദ്യുത പദ്ധതിയും പരിഗണനയിലുണ്ട്.

വൈദ്യുതി പോസ്റ്റുകളിലൂടെ കേബിൾ

29 (374) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിന്റെ പോസ്റ്റുകളിലൂടെ കേബിൾ വലിക്കാൻ അനുമതി നൽകാറുണ്ടോ ;

(ബി) എങ്കിൽ അതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) ഇപ്രകാരം വലിച്ചിട്ടുള്ള കേബിളുകൾ താഴ്ന്നും പൊട്ടിയും കിടന്ന് യാത്രക്കാർക്കും വാഹനങ്ങൾക്കും അപകടം വരുത്തുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത്തരം അപകടത്തിന് ഉത്തരവാദിത്തം ആർക്കാണെന്ന് വ്യക്തമാക്കുമോ ; അപകടാവസ്ഥയിലുള്ള എല്ലാ കേബിളുകളും അടിയന്തരമായി നീക്കം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബോർഡിലെ എൽറ്റി പോസ്റ്റുകളിൽകൂടി ടി.വി. കേബിളുകൾ വലിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കെ.എസ്.ഇ.ബി. 18-10-2002-ലെ ഉത്തരവുപ്രകാരം പുറത്തിറക്കിയിട്ടുണ്ട്. ഒരു പോസ്റ്റിൽകൂടി ഒന്നിലധികം ടി.വി. കേബിളുകൾ വലിക്കുന്നതിനുള്ള അനുവാദം 31-12-2014-ലെ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. ബോർഡ് ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) ഇത്തരം ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ടി.വി. കേബിളുകൾ പരിപാലിക്കേണ്ട ഉത്തരവാദിത്തം അതാത് കേബിൾ ടി.വി. ഓപ്പറേറ്റർമാരിൽ നിക്ഷിപ്തമാണ്. കേബിൾ ടി.വി. ഓപ്പറേറ്റർ മാർക്കായി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ, നിയമപ്രകാരമുള്ള സുരക്ഷിതത്വം ഉറപ്പുവരുത്താൻ നിർദ്ദേശിച്ചിട്ടുണ്ട്.

ശബരിഗിരി ജലവൈദ്യുതി പദ്ധതി

30 (375) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിഗിരി ജലവൈദ്യുത പദ്ധതി പ്രകാരം ഇപ്പോൾ വൈദ്യുതി ഉൽപ്പാദനം നടക്കുന്നുണ്ടോ ;

(ബി) പ്രസ്തുത ജലവൈദ്യുത പദ്ധതിയുടെ പെൻസ്റ്റോക്ക് പൈപ്പിന്റെ വാൽവിൽ ഉണ്ടായ വൻചോർച്ച പരിഹരിക്കപ്പെട്ടിട്ടുണ്ടോ ; ഏത് കമ്പനിക്കാണ് നവീകരണ ജോലിയുടെ കരാർ നൽകിയിരിക്കുന്നത് ; വിശദമാക്കാമോ ;

(സി) വൈദ്യുത പദ്ധതി ഇടങ്ങളിൽ തുടർച്ചയായി ഉണ്ടാകുന്ന തകരാറുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും ?

ഉത്തരം

(എ) ശബരിഗിരി പദ്ധതിയിൽ വൈദ്യുതി ഉൽപ്പാദനം നടക്കുന്നുണ്ട്. പദ്ധതിയുടെ 6 ജനറേറ്ററുകളും പ്രവർത്തിക്കുന്നുണ്ട്.

(ബി) ശബരിഗിരി ജലവൈദ്യുത പദ്ധതിയുടെ പെൻസ്റ്റോക്ക് പൈപ്പിന്റെ വാൽവിലുണ്ടായ ചോർച്ച പരിഹരിച്ചിട്ടുണ്ട്. മധുര ആസ്ഥാനമായുള്ള ശ്രീശരവണാ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയാണ് 2014 മെയ് മാസത്തിൽ പുതിയ വാൽവ് സ്ഥാപിച്ചത്. ഗ്യാരന്റി കാലയളവിൽ ഈ വാൽവിലുണ്ടായ ചോർച്ച പ്രസ്തുത കമ്പനിതന്നെ പരിഹരിച്ചിട്ടുണ്ട്.

(സി) മൂലമറ്റം പവർ ഹൗസിൽ നവംബർ 2013, ഏപ്രിൽ 2015 മാസങ്ങളിൽ സ്വിച്ച് യാർഡിലുണ്ടായ പൊട്ടിത്തെറികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

വൈദ്യുതി നിലയങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ടർബൈൻ, ജനറേറ്റർ, ട്രാൻസ്ഫോർമറുകൾ, അനുബന്ധ പ്രധാന യന്ത്രസാമഗ്രികളുടെയും അനുബന്ധ

LIBRARY ARCHIVES Kerala Legislative Assembly